# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4487 — 17/12/2014 -ൽ മറുപടിക്ക്

## തൃശ്ശൂർ-കുന്നംകുളം നിയോജകമണ്ഡലത്തിലെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബാബു എം.പാലിശ്ശേരി | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ-കുന്നംകുളം നിയോജകമണ്ഡലം, വാട്ടർ അതോറിറ്റിയുടെ കുന്നംകുളം-ഗുരുവായൂർ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായുള്ള പാറേമ്പാടം മുതൽ കുന്നംകുളം YMCA വരെയുള്ള റോഡിനടിയിലെ കാലപഴക്കം ചെന്ന പ്രീമോ പൈപ്പ് മാറ്റി ഇടുന്നതിന് ജലവിഭവ വകുപ്പ് നൽകിയ 3.16 കോടി രൂപയുടെ ഭരണാനുമതിക്ക് ശേഷം, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ളത്; | (എ) & (ബി) | കുന്നംകുളം-ഗുരുവായൂർ ശുദ്ധജല വിതരണ പദ്ധതിയുടെ കാലപ്പഴക്കം മൂലം കേടുവന്ന 2560 മീറ്റർ പ്രിമോ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള വർക്കിംഗ് എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.<br>2015 മെയ് മാസത്തിനുമുമ്പ് പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് നടപടി സ്വീകരിച്ചു വരുന്നത്. |
| (ബി) കാലപഴക്കത്താലും, ഹെവി ട്രാഫിക് മൂലവും റോഡിനടിയിലെ പൈപ്പ് പൊട്ടി ശുദ്ധജലക്ഷാമവും, റോഡ് തകർന്ന് ഗതാഗത തടസ്സവും, അപകടങ്ങളും ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്നത് കണക്കിലെടുത്ത് പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

JSK/